# US PROFILES

emalayalee.com



## ഡോളർ രാജു
## (രാജു ജോസഫ്)

emalayalee.com



# നിർമ്മിച്ച സിനിമയുടെ പേരിൽ അറിയപ്പെടുന്നതിൽ അഭിമാനം മാത്രം: ഡോളർ രാജു (രാജു ജോസഫ്)

**◉ മീട്ടു റഹ്മത്ത് കലാം**

അമേരിക്കൻ മലയാളികൾ സിനിമാനിർമ്മാണത്തിലേക്ക് കടക്കുന്നത് പതിവല്ലാതിരുന്ന തൊണ്ണൂറുകളിൽ, അതിന് ധൈര്യം കാണിച്ചയാളാണ് രാജു ജോസഫ്. സോഫ്ട്‌വെയർ എഞ്ചിനീയർ എന്ന സ്ഥിരവരുമാനമുള്ള തൊഴിൽ ഉണ്ടായിട്ടും, അദ്ദേഹം സിനിമയ്ക്ക് പിന്നാലെ നടന്നത് ലാഭം കൊയ്യാൻ ആയിരുന്നില്ല. കലയോടുള്ള അഭിനിവേശം ഒന്നുകൊണ്ട് മാത്രമായിരുന്നു അത്. ന്യൂയോർക്കിൽ നിന്ന് ഫിലിം സ്റ്റഡീസ് പൂർത്തിയാക്കിയ ശേഷം, 'ഡോളർ' എന്ന മലയാളചിത്രം നിർമ്മിച്ചതിലൂടെ സാമ്പത്തിക നേട്ടം ഉണ്ടായില്ലെങ്കിലും 'ഡോളർ രാജു' എന്ന പേര് വീണുകിട്ടി.

സ്വന്തം കലാസൃഷ്ടിയുടെ പേരിൽ അറിയപ്പെടുന്നതിൽ അഭിമാനം കൊള്ളുന്ന രാജു ജോസഫ്, ഹ്രസ്വ ചിത്രങ്ങളാണ് തന്റെ തട്ടകമെന്ന് കണ്ടെത്തിയിരിക്കുകയാണ്. യാത്രകൾക്കിടയിൽ മനസ്സിനെ കൊളുത്തിവലിക്കുന്ന അനുഭവങ്ങൾക്ക് ദൃശ്യഭാഷ നൽകി ഷോർട് ഫിലിമായി അവതരിപ്പിക്കുന്നതിലൂടെ നിരവധി അവാർഡുകളും അദ്ദേഹം സ്വന്തമാക്കിയിട്ടുണ്ട്.

emalayalee.com

**കേരളത്തിൽ നിന്ന് അമേരിക്കയിലേക്ക്?**

ഞാൻ കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ അടുത്തുള്ള നീണ്ടൂർ സ്വദേശിയാണ്. ഹൈദരബാദിൽ നിന്ന് എം.എ കഴിഞ്ഞ് മദ്രാസിൽ നിന്ന് എം.ബി.എയും നേടി. ഞാൻ അമേരിക്കയിലെത്തുന്നത് കമ്പ്യൂട്ടറൈസേഷൻ നടക്കുന്ന കാലത്താണ്. എം.ബി.എയിൽ അക്കൗണ്ടിംഗ് ആൻഡ് മാർക്കറ്റിങ്ങ് ബാക്ക്ഗ്രൗണ്ട് ഉണ്ടായിട്ടും ഇവിടെ ജോലി കിട്ടണമെങ്കിൽ കമ്പ്യൂട്ടർ പഠിച്ചേ മതിയാകുമായിരുന്നുള്ളു. അങ്ങനെ ന്യൂയോർക്ക് യൂണിവേഴ്‌സിറ്റിയിൽ കമ്പ്യൂട്ടർ പഠിച്ചു. ഒപ്പം ഫിലിമും. ആറുമാസം പഠിച്ചപ്പോൾ പ്രോഗ്രാമറായി ജോലി കിട്ടി.

**പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് സിനിമയുടെ അവസാനവാക്കായി കരുതുന്ന ഒരു കാലത്ത് 89ൽ ന്യൂയോർക്കിൽ നിന്ന് സിനിമ പഠിക്കാനുള്ള കാരണം?**

നാട്ടിലുള്ളപ്പോൾ  കഥയും കവിതയുമൊക്കെ എഴുതുമായിരുന്നു. പക്ഷേ, ഒന്നും കാര്യമായി പ്രസിദ്ധീകരിച്ചിരുന്നില്ല. എന്റെ സുഹൃത്തും നടൻ റിയാസ് ഖാന്റെ പിതാവുമായ റഷീദ്  മോഹൻലാലിനെ നായകനാക്കി 'ലാൽ അമേരിക്കയിൽ' എന്ന സിനിമ നിർമ്മിച്ചിരുന്നു. സിനിമ ചിത്രീകരണവുമായി ബന്ധപ്പെട്ട് റഷീദും റിയാസ് ഖാനും അമേരിക്കയിൽ എത്തിയപ്പോൾ എന്റെ കൂടെയാണ് താമസിച്ചത്. ആ അവസരത്തിൽ ഞാൻ റഷീദിനോട് ഒരു കഥ പറഞ്ഞു. അദ്ദേഹത്തിന്  അത് ഇഷ്ടപ്പെടുകയും സിനിമയെ പറ്റി കൂടുതൽ പഠിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. 'മണ്ടൻമാർ ലണ്ടനിൽ' എന്ന ചിത്രം ഒക്കെ അവരുടേതായിരുന്നു. അങ്ങനെ റഷീദിന്റെ നിർദ്ദേശപ്രകാരമാണ് ഞാൻ സിനിമയെ കുറിച്ച് പഠിക്കാൻ അഡ്മിഷൻ എടുത്തത്.  അടിസ്ഥാനപരമായി ഞാൻ ഒരു സോഫ്റ്റ് വെയർ എൻജിനീയർ ആണ്. മൂന്ന് വർഷത്തെ ഈവനിങ്ങ് ക്ലാസ്സ് ആയിരുന്നു ന്യൂയോർക്ക് യൂണിവേഴ്‌സിറ്റിയിലേത്. സലാം ബോംബെ ഒക്കെ എടുത്ത മീരാ നായരും ഞങ്ങളുടെ ഇൻസ്റ്റിറ്റ്യൂട്ടിൽ ആണ് പഠിച്ചത്. മനോജ് നൈറ്റ് ശ്യാമളനും അവിടെ ഉണ്ടായിരുന്നു.

**ന്യൂയോർക്കിലെ സിനിമാ പഠനത്തെക്കുറിച്ച് ഒന്നു പറയാമോ?**

ലൈറ്റിങ്ങ്, ക്യാമറ, സ്ക്രിപ്റ്റിങ്ങ്, എഡിറ്റിങ്ങ്, ഡയറക്ഷൻ ഇതെല്ലാം പഠിക്കണം. ഒന്നിലും നമ്മൾ കോൺസൻട്രേറ്റ് ചെയ്യുന്നില്ല. അങ്ങനെയായിരുന്നു മൂന്ന് വർഷത്തെ കോഴ്സ്. അതുകൊണ്ട് ഒരു രംഗത്തു നിന്നും നമ്മളെ മാറ്റിനിർത്താൻ പറ്റില്ല.

**ഫൈനൽ പ്രൊജക്റ്റായി മലയാളം സിനിമ ചെയ്തല്ലോ?**



ലാസ്റ്റ് പ്രോജക്ട് എന്നു പറയുമ്പോൾ നാല് പടങ്ങൾ ചെയ്യണം. 16 എം.എംൽ സൗണ്ട് ഇല്ലാതെയും സൗണ്ട് ഉൾപ്പെടുത്തിയും ഒക്കെ ചെയ്യണം. അതു കഴിഞ്ഞ് 35 എം.എംൽ ഫൈനൽ പ്രോജക്ട് ചെയ്യാനുള്ള അവസരം കിട്ടി. അങ്ങനെ 1993ൽ ഡോളർ എന്ന മലയാളം പടം ചെയ്തു. നൈറ്റ് ശ്യാമളനും മീരാ നായരും 'സലാം ബോംബെ'യും ചെയ്തു. അവർ ഇംഗ്ലീഷിൽ ചെയ്തപ്പോൾ ഞാൻ മലയാളത്തിൽ പടമെടുത്ത് ഇംഗ്ലീഷ് സബ്‌റ്റൈറ്റിലോടു കൂടിയാണ് . പക്ഷേ, അവർക്ക് അത് അത്ര ഇഷ്ടപ്പെട്ടില്ല. എങ്കിലും പടം ഞങ്ങളൊക്കെ തന്നെ നിർമിച്ച് മുഴുവൻ നെഗറ്റീവുമായി നാട്ടിലെത്തി. പോസ്റ്റ് പ്രൊഡക്ഷൻ ജോലികളും പൂർത്തിയാക്കുകയും ചെയ്തു. കേരളത്തിലെ ഗ്രാമ പ്രദേശങ്ങളിലെ ഷൂട്ടിങ്ങും ബാക്കിയുണ്ടായിരുന്നു.

**ആ സിനിമയാണോ ഡോളർ എന്ന പേരിൽ റിലീസ് ചെയ്തത്?**

അതെ, 94ലായിരുന്നു  റിലീസ്. മുകേഷ്, ലാലു അലക്സ്, പദ്മിനി തുടങ്ങിയവരൊക്കെ അഭിനയിച്ച സിനിമയാണത്.

അമേരിക്കയിൽ ചിത്രീകരിച്ച 'ഏഴാം കടലിനക്കരെ' എന്ന സിനിമ കാഴ്ചയ്ക്കാണ് പ്രാധാന്യം കൊടുത്തതെങ്കിൽ കഥയ്ക്ക് മുൻതൂക്കം നൽകി എന്നതായിരുന്നു ഡോളർ എന്ന സിനിമയുടെ സവിശേഷത. അമേരിക്കൻ മലയാളി കുടുംബത്തിലെ സുഖ-ദുഃഖസമ്മിശ്രമായ ജീവിതമുഹൂർത്തങ്ങളാണ് ഡോളറിൽ അനാവരണം ചെയ്തത്. അന്ന് ഒ.റ്റി.റ്റി. പ്ലാറ്റ്ഫോമും, സാറ്റലൈറ്റും ഒന്നും ഇല്ലാതിരുന്ന കാലമായിരുന്നല്ലോ. എങ്കിലും പടം നന്നായി

ത്തന്നെ തീയേറ്ററിൽ ഓടി. പക്ഷേ, ഉദ്ദേശിച്ച പണമൊന്നും കിട്ടിയില്ല. എന്നാൽ എനിക്കൊരു പേരുമാറ്റം കിട്ടി. രാജു ജോസഫ് എന്ന ഞാൻ ഡോളർ രാജുവായി.

**പിന്നീട് സിനിമ ചെയ്തിരുന്നോ?**

97ൽ നിയോഗം എന്ന ചിത്രവും എടുത്തിരുന്നു.അതോടെ, കൈയിലെ പൈസ തീർന്നു. അക്കാലത്ത് തീയേറ്ററിൽ ആളുകൾ കയറിയാലും ഡിസ്ട്രിബ്യൂട്ടർമാർ പലരും പൈസ തരാത്തതു കൊണ്ട് ഞാൻ തന്നെ ഡിസ്ട്രിബ്യൂഷനും ആരംഭിച്ചു. തിരുവനന്തപുരം, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ഓഫീസുകൾ തുടങ്ങി. അങ്ങനെ ആറു മാസം എനിക്ക് നാട്ടിൽ നിൽക്കേണ്ടി വന്നു. അതോടുകൂടി ശരിക്കും സാമ്പത്തിക നഷ്ടം വന്നു. ഐ.ടി കോൺട്രാക്ട് ജോലി ചെയ്തുകൊണ്ടിരുന്ന ഞാൻ നാട്ടിൽ വന്ന് മലയാള സിനിമയെ പരിപോഷിപ്പിക്കാൻ നടത്തിയ ശ്രമം പരാജയമായിരുന്നു. നാട്ടിൽ ഉണ്ടായതിനേക്കാൾ നഷ്ടം എനിക്ക് അമേരിക്കയിലുണ്ടായി. അതുകൊണ്ട് ഇതെനിക്ക് പറ്റിയ മേഖലയല്ലെന്ന് കണ്ട് തൽക്കാലം സിനിമാ രംഗത്തു നിന്ന് പിൻവാങ്ങുകയായിരുന്നു.



**അപ്പോൾ ശരിക്കും കൈപൊള്ളി അല്ലേ?**

കൈ പൊള്ളിയെന്ന് പറയാനൊക്കില്ല. അമേരിക്കൻ മലയാളികളുടെ കൈ ഒരിക്കലും പൊള്ളുകയില്ല. കാരണം ജോലി ചെയ്താൽ അമേരിക്കയിൽ നല്ല കാശ് കിട്ടുമല്ലോ. എന്നാൽ, സിനിമാ മോഹം ബാക്കി നിൽക്കുന്നതിനാൽ 2005ൽ ഞാൻ സ്വതന്ത്രമായി ഒരു ഫിലിം ചെയ്തു. സിനിമ ഫിലിമിൽ നിന്ന് ഡിജിറ്റലിലേയ്ക്ക് മാറുന്ന സമയമായിരുന്നു അത്. 'അണ്ടർ ദ സ്കൈ' എന്ന ചിത്രമെടുത്തെങ്കിലും അത് ഞാൻ അന്ന് റിലീസ് ചെയ്തില്ല. എന്നാൽ ഈയിടെ അതിന്റെ പോസ്റ്റ് പ്രൊഡക്ഷൻ വർക്കുകൾ തീർത്ത് ഒരു അവാർഡിന് അയയ്ക്കുകയും മികച്ച സിനിമയ്ക്കുള്ള ഡെക്കാൻ ഫിലിം അവാർഡ് ലഭിക്കുകയും ചെയ്തു. പിന്നെ സിനിമ വിട്ട് ഷോർട്ട് ഫിലിമിലേയ്ക്ക് മാറി. കഥ പറഞ്ഞ് വിശ്വസിപ്പിക്കാനും നടീനടന്മാരുടെ പിന്നാലെ നടന്ന് ഡേറ്റ് ഒപ്പിക്കാനും അവരുടെ ജാഡ കാണാനും താത്പര്യമില്ലാത്തതു കൊണ്ടാണ് ആ രംഗത്തു നിന്നും മാറിയത്.

**എത്ര ഷോർട്ട് ഫിലിമുകൾ ചെയ്തു?**

പത്ത് പതിനഞ്ച് ഷോർട്ട് ഫിലിമുകൾ ചെയ്തിട്ടുണ്ട്. മിക്കവാറും എല്ലാത്തിനും അവാർഡ് കിട്ടിയിട്ടുണ്ട്. ആദ്യത്തേത് 'കളഞ്ഞു കിട്ടിയ മുത്ത്' എന്ന ഹ്രസ്വ ചിത്രമായിരുന്നു. അതിന് ഇവിടുത്തെ അവാർഡ് കിട്ടി. ചെയ്തവ എല്ലാം അമേരിക്കൻ ബെയ്സ്ഡ് ആണ്.

**എല്ലാറ്റിലും അമേരിക്കയിലെ ആർട്ടിസ്റ്റുകളാണോ അഭിനയിച്ചത്?**

നാട്ടിലെടുത്തവയിൽ അവിടുത്തെയും അമേരിക്കയിൽ ചിത്രീകരിച്ചവയിൽ ഇവിടുത്തെയും മലയാളി ആർട്ടിസ്റ്റുകളാണ് അഭിനയിച്ചത്. കഥ എഴുതുന്നതുപോലെ വിഷ്വൽ ചെയ്യുമ്പോൾ പ്രത്യേകമായ സുഖവും സംതൃപ്തിയും ഉണ്ടാവാറുണ്ട്.

**മറ്റ് പ്രവർത്തനങ്ങൾ?**

മൂവി ഫീൽഡുമായി ബന്ധമുള്ളതുകൊണ്ട് അമേരിക്കയിൽ ഞാൻ നിരവധി സ്റ്റേജ് ഷോകൾ ചെയ്തിട്ടുണ്ട്. കലാഭവൻ മണി, സിദ്ദിക് ലാൽ തുടങ്ങിയവരെയൊക്കെ അമേരിക്കയിൽ കൊണ്ടുവന്നു ഷോ നടത്തി. മണിമുഴക്കം എന്നായിരുന്നു കലാഭവൻ മണിയുടെ ഷോയുടെ പേര്. മറ്റേത് സിദ്ദിഖ് ലാൽ ഷോ, പിന്നെ ഇന്നസെന്റിനെ വച്ച് ഇന്നസെന്റ് നൈറ്റ്സ് എന്ന ഷോ നടത്തി. ജഗതി ശ്രീകുമാറിനെ വച്ച് ഒരു ഷോ ചെയ്തു. അദ്ദേഹത്തിന്റെ ആക്സിഡന്റിന് തൊട്ടു മുമ്പായിരുന്നു അത്. അവയെല്ലാം പത്തും പതിനഞ്ചും സ്റ്റേജുകളിൽ കളിച്ചിട്ടുണ്ട്. ഡോളർ സിനിമ എടുക്കുന്ന സമയത്തും ഞാൻ സ്റ്റേജ് ഷോ ചെയ്തിട്ടുണ്ട്. ഷോ ചെയ്യുമ്പോൾ നല്ല പൈസ കിട്ടും. പതിനഞ്ചോളം ട്രൂപ്പു

കളെ ഞാൻ അമേരിക്കയിൽ കൊണ്ടുവന്നിട്ടുണ്ട്. ഇതൊക്കെ എന്റെ ഹോബിയാണ്. എന്നാൽ ബിസിനസ്സും പ്രൊഫഷനും വിട്ട് എങ്ങും പോയിട്ടില്ല.

**ഡോളർ എന്ന സിനിമയുടെ ചിത്രീകരണ സമയത്തുണ്ടായ രസകരമായ അനുഭവങ്ങളെന്തെങ്കിലും...**

നാട്ടിൽ നിന്ന് സാലു ജോർജ്, എൻ.എ താര എന്നീ രണ്ട് ക്യാമറമാൻമാരെ കൊണ്ടു വന്നിരുന്നു. ഇവിടെ നമ്മൾ ക്യാമറ വാടകയ്ക്കാണ് എടുക്കുന്നത്. നമ്മുടെ ക്രെഡിറ്റ് കാർഡ് വച്ച് വില കൂടിയ ക്യാമറ റെന്റിനെടുക്കും. അതിന് പ്രത്യേക ഇൻഷുറൻസ് ഒക്കെ ആവശ്യമാണ്. ഈ ക്യാമറ എടുത്ത് പൊക്കാനും നടക്കാനും ചാർജ് ചെയ്യാനും ക്ലീൻ ചെയ്യാനും ഒരു അസിസ്റ്റന്റിനെ വേണം. നമുക്ക് അങ്ങനെയൊരു ആളില്ലായിരുന്നു. ഒരു ദിവസം ഒരു ഷോട്ട് കഴിഞ്ഞ് അല്പം ഗ്യാപ്പെടുത്തു. അപ്പോൾ ക്യാമറ സ്റ്റാന്റിൽ വച്ചിരിക്കുകയാണ്. അടുത്ത ഷോട്ട് എടുക്കുന്നതിന് മുമ്പായി ആരുടെയോ കൈയോ കാലോ തട്ടി ക്യാമറ തലകുത്തി താഴെ വീണു. ലെൻസിന്റെ അപ്പർച്ചർ പോയിന്റിൽ ഒരു സ്ക്രാച്ച് ഉണ്ടായി. അങ്ങനെ സംഭവിച്ചാൽ കുറേ കാശ് കൊടുക്കണം. ഒരു വിധത്തിൽ ബ്ലാക്ക് മാർക്കർ കൊണ്ട് ടച്ച് അപ്പ് ഒക്കെ ചെയ്ത് അതേ പെട്ടിക്കകത്താക്കി ഈ ക്യാമറ നമ്മുടെ ക്യാമറാമാന് പറ്റുന്നില്ല അതുകൊണ്ട് വേറെ ക്യാമറ വേണമെന്ന് പറഞ്ഞ് തിരികെ കൊടുത്തു. നോ പ്രോബ്ളം എന്ന് പറഞ്ഞ് ഷോപ്പുകാർ വേറൊരു ക്യാമറ തന്നു.



**ഒരു മലയാളി ബുദ്ധി കാട്ടി അല്ലേ?**

അതേ.മറ്റൊരു അനുഭവം കൂടി പറയാം. ന്യൂയോർക്കിനും ന്യൂജേഴ്സിക്കുമിടയിൽ ഒരു ടണലുണ്ട്. പുതുതായി കിട്ടിയ ക്യമാറയുമായി ഞങ്ങൾ ടണലിൽ ഷൂട്ട് ചെയ്തു കൊണ്ടിരിക്കുകയാണ്. ടോപ്പ് ഓപ്പണായ ഒരു ബെൻസ് കാറ് എനിക്കുണ്ട്. സാലു ജോർജ് എന്ന ക്യാമറാമാൻ അതിലൂടെ ക്യാമറയും പിടിച്ച് ഷൂട്ട് ചെയ്യുന്നുണ്ട്. ടണലിലൂടെ പോകുന്ന വാഹനങ്ങളെല്ലാം പോലീസ് കർശന നിരീക്ഷണത്തിന് വിധേയമാക്കും. ടണൽ കടന്നപ്പോൾ പോലീസുകാർ പിന്നാലെയെത്തി ഞങ്ങളെ പിടികൂടി. നിങ്ങൾ ചെയ്യുന്നത് എന്താണെന്ന് ഞങ്ങൾക്ക് അറിയണമെന്ന് പോലീസുകാർ ആവശ്യപ്പെട്ടു. ഒരു മുറിയിൽ കൊണ്ടുപോയാണ് ചോദ്യം ചെയ്യൽ. ന്യൂയോർക്ക് യൂണിവേഴ്സിറ്റിയിലെ എന്റെ സ്റ്റുഡന്റ് ഐ.ഡി അന്ന് എക്സ്പയർ ആയിട്ടുണ്ടായിരുന്നില്ല. അത് കൈവശമുണ്ടായിരുന്നത് രക്ഷയായി. സിറ്റിയിൽ ഷൂട്ടിങ്ങിന് പെർമിഷൻ എടുത്തിട്ടുണ്ടെങ്കിലും ടണലിൽ ഷൂട്ട് ചെയ്യാൻ അനുവാദം വാങ്ങിയിരുന്നില്ല. ഞാൻ ഒരു സ്റ്റുഡന്റ് ആണെന്നും എന്റെ പ്രോജക്ടിന്റെ ഭാഗമായാണ് ഷൂട്ട് ചെയ്യുന്നതെന്നും പറഞ്ഞ് തടിയൂരി. ടണലിൽ ബോംബ് വയ്ക്കാനുള്ള വല്ല പരിപാടിയാണെന്നായിരിക്കും പോലീസുകാർക്ക് തോന്നിയത്. അന്ന് പക്ഷേ തീവ്രവാദ പ്രവർത്തനമൊന്നുമില്ലാതിരുന്നതിനാൽ കൂടുതൽ ചോദ്യം ചെയ്യാതെ ഞങ്ങളെ വിട്ടു.

**മൊത്തത്തിൽ രസകരമായിരുന്നു അല്ലേ?**

തീർച്ചയായും. എക്സ്പോസ് ചെയ്ത 35,000 അടി ഫിലിം രണ്ട് പെട്ടികളിലാക്കി ചെന്നൈയ്ക്ക് കൊണ്ടുപോവുകയാണ്. എയർപോർട്ടിൽ കർശനമായ സെക്യൂരിറ്റി പരിശോധനയുണ്ട്. ഫ്ളൈറ്റിൽ എന്നോടൊപ്പം പദ്മിനിചേച്ചിയുമുണ്ട്. ചെന്നൈയിൽ ലാൻഡ് ചെയ്തു. എല്ലാം പദ്മിനി ചേച്ചിയുടെ പെട്ടികളാണെന്നാണ് പറഞ്ഞിരിക്കുന്നത്. പെട്ടെന്ന് ഒരു ഐ.ജി വന്ന് പദ്മിനി ചേച്ചിയെ സല്യൂട്ട് ചെയ്ത് പെട്ടികളെല്ലാം എടുത്ത് പുള്ളിയുടെ വണ്ടിയിലാക്കി ഞങ്ങളെ കോടമ്പാക്കത്ത് കൊണ്ടു വിട്ടു. തമിഴ്നാട്ടിലെ ഉന്നത പോലീസുകാർ ഉൾപ്പെടെയുള്ളവർക്ക് സിനിമ നടീനടന്മാരോട് അത്രയ്ക്കും ബഹുമാനമുണ്ട്. ശങ്കുണ്ണിച്ചേട്ടനായിരുന്നു ഡോളറിന്റെ എഡിറ്റിങ്ങ് നിർവഹിച്ചത്. പ്രസാദ് ലാബിലായിരുന്നു വർക്ക്. ഞാൻ മൂന്നു മാസത്തോളം ഡയറക്ടേഴ്സ് കോളനിയിൽ താമസിച്ചുകൊണ്ടാണ് സിനിമയുടെ ബാക്കി ജോലികൾ പൂർത്തിയാക്കിയത്. അതൊരു പ്രത്യേക അനുഭവമായിരുന്നു. ഫിലിം മേക്കിംഗിന് നമ്മൾ ഉദ്ദേശിച്ചതിൽ കൂടുതൽ റിസ്ക്ക് ഉണ്ടെന്ന് അന്നാണ് മനസ്സിലായത്.

എസ്.പി വെങ്കിടേഷായിരുന്നു സംഗീത സംവിധായകൻ. പാട്ടിന്റെ ചില ഷോട്ടുകളും മറ്റും എന്റെ ഗ്രാമമായ നീണ്ടൂരിൽ വച്ച് എടുത്ത കാര്യം

ഇപ്പോൾ ഓർക്കുകയാണ്. യേശുദാസ്, ചിത്ര, ഉണ്ണി മേനോൻ തുടങ്ങിയവരാണ് പാട്ട് പാടിയത്. അന്ന് ദൂരദർശൻ മാത്രമേയുള്ളൂ. റേഡിയോയിലാണ് മലയാളികൾ അക്കാലത്ത് പാട്ടുകൾ കേട്ടുകൊണ്ടിരുന്നത്.

**ഡിസ്ട്രിബ്യൂഷനിൽ എന്തായിരുന്നു പ്രശ്നം?**

എക്കാലത്തും സാമ്പത്തിക കാര്യങ്ങളിൽ പ്രത്യേക ശ്രദ്ധ വേണമല്ലോ. ഞാൻ തന്നെ ഡിസ്ട്രിബ്യൂട്ട് ചെയ്യേണ്ട അവസ്ഥ വന്നു. 22ഓളം തീയേറ്ററുകളിൽ പടം എത്തിച്ചു. തിരിച്ച് അമേരിക്കയിലെത്തിയ ശേഷം മോഹക്കടൽ എന്ന സീരിയൽ നിർമിച്ചു. 350ഓളം എപ്പിസോഡുകൾ ഏഷ്യാനെറ്റിൽ സംപ്രേക്ഷണം ചെയ്തു. കൈരളി ടി.വിയിൽ ഉൾക്കടൽ എന്ന സീരിയലും ഞാൻ പ്രൊഡ്യൂസ് ചെയ്തിട്ടുണ്ട്. മോഹക്കടലിൽ അമേരിക്കയിലെഒരു ഗ്യാസ് സ്റ്റേഷൻ മുതലാളിയായി അഭിനയിച്ചിട്ടുമുണ്ട്. ഇതിന്റെയെല്ലാം കഥ എഴുതിയിരിക്കുന്നത് ഞാൻ തന്നെയാണ്.

**എങ്ങനെയാണ് ഒരു പ്രോജക്ടിലേയ്ക്ക് ലാൻഡ് ചെയ്യുന്നത്?**

സ്വന്തം രചനകളാണ് സിനിമയോ ഷോർട്ട് ഫിലിമോ സീരിയലോ ആക്കുന്നത്. മൂന്ന് നാല് പേരോട് കഥ പറയും. അവർക്ക് ഇഷ്ടപ്പെട്ടാൽ പിന്നെ സ്ക്രിപ്റ്റ് എഴുത്തിലേയ്ക്ക് കടക്കും. സ്ക്രിപ്റ്റ് ഒരു പത്തു പേരെ വായിച്ച് കേൾപ്പിക്കും. അതിൽ ഒരു ഏഴുപേർ നല്ലതാണെന്ന് പറഞ്ഞാൽ ചിത്രീകരണത്തിലേയ്ക്ക് കടക്കും. അതാണ് എന്റെ രീതി. ഇപ്പോൾ ലൊക്കേഷനിൽ ഷൂട്ടിങ്ങിനൊപ്പമാണല്ലോ സ്ക്രിപ്റ്റും എഴുതുന്നത്. മിക്കവാറും എല്ലാ എക്വിപ്മെന്റ്സും എനിക്കുണ്ട്.

**അമേരിക്കയിൽ ചിത്രീകരിക്കാനുള്ള ചെലവ്?**

നമ്മളെല്ലാം വളരെ കഷ്ടപ്പെട്ടാണ് പണമുണ്ടാക്കുന്നത്. അമേരിക്കയിലെ നടീനടന്മാർക്ക് ഒരു പൈസ പോലും പ്രതിഫലം കൊടുക്കേണ്ട. ഭക്ഷണം മാത്രം നൽകിയാൽ മതി. ഹോളിവുഡ് എന്ന സ്വപ്നം സാക്ഷാത്ക്കരിക്കാൻ വേണ്ടിയാണ് നമ്മുടെയൊക്കെ സംരംഭങ്ങളിൽ സാക്രിഫൈസ് ചെയ്ത് അവർ അഭിനയിക്കുന്നത്. എന്നെ സംബന്ധിച്ച് പറയുകയാണെങ്കിൽ രണ്ട് പടത്തിലൂടെ നഷ്ടപ്പെട്ട പണം എനിക്ക് സീരിയലിലൂടെ തിരിച്ചു പിടിക്കാൻ കഴിഞ്ഞു. അതേസമയം, നിരവധി പടങ്ങൾ പിടിച്ച് പരാജയപ്പെട്ട പ്രൊഡ്യൂസർമാരും അമേരിക്കയിലുണ്ട്. അവരൊക്കെ നാട്ടിലെ സിനിമാ ലോബികളുടെ ചതിയിൽ പെട്ടവരാണെന്ന് ഞാൻ കരുതുന്നു.

**സോളാർ സ്വപ്നം എന്ന താങ്കളുടെ സിനിമയെക്കുറിച്ച്...**

ഞാൻ നിർമിച്ച ഈ ചിത്രത്തിനെതിരെ സോളാർ കേസിലെ സരിത രംഗത്തു വന്നിരുന്നു. ഇത് തന്റെ കഥയാണെന്നു പറഞ്ഞ് അവർ കോടതിയിൽ പോയി. ആറുമാസം പടം ഹോൾഡ് ചെയ്തു. പക്ഷേ അവസാനം ഞാൻ വിജയിച്ചു. തീയേറ്ററിൽ പടം വന്നു. നാലു ദിവസം ഓടിച്ച ശേഷം അവർ സ്റ്റോപ്പ് ചെയ്തു. അങ്ങനെ നമ്മളെ നശിപ്പിക്കാൻ ശ്രമിച്ചവരും ഇവിടെയുണ്ട്. പക്ഷേ എനിക്ക് കടുത്ത ആത്മവിശ്വാസമുണ്ട്, അന്നും ഇന്നും.

**സംഘടനാ പ്രവർത്തനം ഉണ്ടോ?**

എനിക്ക് ഒരു സംഘടനയുമായും ബന്ധമില്ല. മികച്ച ചെറുകഥയ്ക്കുള്ള ഫൊക്കാനയുടെ അവാർഡ് എന്റെ 'സന്നിധാനത്തിലെ കഴുത' എന്ന രചനയ്ക്ക് ലഭിച്ചിട്ടുണ്ട്. എനിക്ക് രാഷ്ട്രീയവുമില്ല. കലയും പ്രൊഫഷനുമാണ് എനിക്കെല്ലാം.

**തൊഴിലുമായി ബന്ധപ്പെട്ട അനുഭവങ്ങൾ?**

പ്രോഗ്രാമർ ആയി ജോലി ചെയ്തശേഷം,ട്രാൻസിറ്റ് അതോറിറ്റിയിലും കുറച്ചുകാലം പ്രവർത്തിച്ചു. ഐ.ബി.എമ്മിന്റെ മിഡ് റേഞ്ചിലാണ് ഞാൻ സ്പെഷ്യലൈസ് ചെയ്തത്. വേൾഡ് ട്രേഡ് സെന്ററിന്റെ എതിർവശത്താണ് ജോലി ചെയ്തിരുന്നത്. അത് തകർന്നപ്പോൾ ഞങ്ങൾ എല്ലാം ഓടി രക്ഷപ്പെടുകയായിരുന്നു. ഓഫീസ് അടച്ചു പൂട്ടുകയും ചെയ്തു. തുടർന്ന് ഞാൻ ബിസിനസ്സിലേയ്ക്ക് മാറി. ഫ്ളോറിഡയിൽ കൺവീനിയന്റ് സ്റ്റോർ-ഗ്യാസ് സ്റ്റേഷൻ നാല് വർഷം നടത്തി. എന്നാൽ ബിസിനസ്സിൽ ഞാൻ തിളങ്ങിയില്ല. അങ്ങനെ തിരിച്ച് ന്യൂയോർക്കിലെത്തി സ്വന്തമായി കോൺട്രാക്ട് വർക്കുകൾ ചെയ്യാൻ തുടങ്ങി. ആറുമാസം ഈ കോൺട്രാക്ട് ജോലിയും ആറുമാസം മൂവിയും പിന്നെ സഞ്ചാരവുമൊക്കെയായി പോകുന്നു. നിരവധി രാജ്യങ്ങളിൽ പോയിട്ടുണ്ട്.

**യാത്രാനുഭവങ്ങൾ സിനിമ ചെയ്യാൻ പ്രേരണയായിട്ടുണ്ടോ?**

അടുത്തകാലത്ത് ദുബായിൽ ചെന്നപ്പോൾ പെട്ടെന്ന് കിട്ടിയ ഒരു ഐഡിയയിൽ നിന്നാണ് 'മണൽക്കാറ്റ്' എന്ന ഷോർട്ട് ഫിലിം പിറന്നത്. ഞാൻ തന്നെ ക്യാമറാ കൈകാര്യം ചെയ്തതുകൊണ്ട് പോസ്റ്റ് പ്രൊഡക്ഷൻ വർക്കിന് മാത്രമേ പണം മുടക്കേണ്ടി വന്നുള്ളൂ. ഫീമെയിൽ ഓറിയന്റഡ് സബ്ജക്ടുകളാണ് എനിക്ക് ഇഷ്ടം.

**കുടുംബം?**

ഭാര്യയും ഒരു മകളുമുണ്ട്. മകൾ വിവാഹം കഴിഞ്ഞ് സന്തോഷത്തോടെ ജീവിക്കുന്നു. ഭാര്യ ഷേർളി നേഴ്സായി റിട്ടയർ ചെയ്തു. ഞാനിപ്പോഴും ജോലി ചെയ്യുന്നുണ്ട്. ഒപ്പം പുതിയ കഥകളും തേടിക്കൊണ്ടിരിക്കുന്നു.